ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം,
തീയതി: 14-10-2020

## സർക്കുലർ നം. 85

തൃശ്ശൂർ സി.എഫ്.എൽ.റ്റി സെന്ററിലെ വിവാദങ്ങളെത്തുടർന്ന് വകുപ്പദ്ധ്യക്ഷന്റെ തൃശ്ശൂർ സന്ദർശന വേളയിൽ മേഖലാ ഡി.ഐ.ജി ഉൾപ്പെടെ ആ മേഖലയിലെ പൊതുവെയും തൃശ്ശൂർ ജില്ലയിലെ പ്രത്യേകിച്ചും ജയിലിന്റെ ചുമതലയുള്ള ഓഫീസർമാർ പലരും അവധിയിലായിരുന്നതായി ശ്രദ്ധയിൽ പെട്ടു. സ്ഥാപന മേധാവികളായ ഉദ്യോഗസ്ഥർ കോവിഡ് പോലെയുള്ള അടിയന്തിര അസാധാരണ കാലത്ത് കൂട്ടത്തോടെ അവധിയിൽ പ്രവേശിക്കുന്നതു മൂലം സ്ഥാപനങ്ങളിൽ ഉത്തരവാദിത്തമുള്ള സീനിയർ സ്റ്റാഫിന്റെ അസാന്നിധ്യവും അതുമൂലമുണ്ടാകുന്ന അരക്ഷിതാവസ്ഥയും സമീപ സ്ഥാപനങ്ങളിൽ പോലും പ്രതിഫലിക്കുന്നു. അതിനാൽ ഇനി മുതൽ എല്ലാ സൂപ്രണ്ടുമാരും ഡി.ഐ.ജി മാരും ഒരു ദിവസത്തേക്കാണെങ്കിൽ കൂടിയും വകുപ്പദ്ധ്യക്ഷനെ നേരിൽ ഫോണിൽ വിളിച്ച് ലീവിനുള്ള അനുവാദം വാങ്ങിയ ശേഷം മാത്രമേ സ്റ്റേഷൻ വിട്ട് പോകാവൂ എന്ന് കർശനമായി നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ച വളരെ ഗൌരവത്തോടെ വീക്ഷിക്കുന്നതാണെന്നുകൂടി അറിയിക്കുന്നു.

ഋഷിരാജ് സിംഗ് ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്